Santhigiri

ഗുരുവാണി
"വാസനയും പൈതൃകവും ആശ്രമങ്ങളിൽ നിന്നാണ് അറിയേണ്ടതും വളർത്തേണ്ടതും."

# ഉമ്മിണിതങ്കം

VOL 03 | ISSUE 24 | 2017 ജൂൺ 18 | 1192 മിഥുനം 4

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# സിദ്ധം ആരോഗ്യരക്ഷയ്ക്ക് ഉതകുന്ന സമ്പൂർണ്ണ ചികിത്സാശാസ്ത്രം : മുഖ്യമന്ത്രി

**തിരുവനന്തപുരം:** ആരോഗ്യരക്ഷയക്ക് ഉതകുന്ന സമ്പൂർണ്ണ ചികിത്സാശാസ്ത്രമായി സിദ്ധം ഇന്ന് അംഗീകരിക്കപ്പെടുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിദ്ധ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രതിനിധി സമ്മേളനം ജൂൺ 12 ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചികിത്സാശാസ്ത്രങ്ങളിൽ ഏറ്റവും പുരാതനമായ സിദ്ധ വൈദ്യത്തിന് വേണ്ടത്ര പ്രോത്സാഹനം ലഭിച്ചിട്ടില്ല. ഈ മേഖലയിൽ ഗവേഷണങ്ങൾ ഉണ്ടാകാത്തതാണ് ഇതിന് കാരണം. ആരോഗ്യരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സിദ്ധവൈദ്യത്തിന് കഴിയും.

സകലരോഗങ്ങളുടെയും പരിഹാരം അലോപ്പതി ചികിത്സാമാത്രമാണെന്ന വിശ്വാസം ശരിയല്ല. അലോപ്പതിയ്ക്ക് കാര്യമായ മുന്നേറ്റം ലഭിച്ചപ്പോൾ സിദ്ധവും ആയുർവേദവും ഉൾപ്പടെയുള്ള ചികിത്സാരീതികൾ അവഗണിക്കുകയുണ്ടായി. വൈദ്യശാസ്ത്രങ്ങൾ തമ്മിൽ ശത്രുതാമനോഭാവമല്ലാ മറിച്ച് സാഹോദര്യ ഭാവമാണ് ഉണ്ടാകേണ്ടത്. സംയോജിത ചികിത്സാരീതികൾക്ക് ഇന്ന് വളരെ അധികം പ്രാധാന്യമുണ്ട്. ആയുഷ് ചികിത്സാരംഗത്തെ ഒരുപോലെ പ്രോത്സാഹിപ്പിക്കുന്നതാണ് സർക്കാരിന്റെ നയമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സിദ്ധവൈദ്യരംഗത്തെ പ്രഗൽഭരായ മലയാറ്റൂർ സുകുമാരൻ വൈദ്യർ, വലിയറത്തല ശ്രീധരൻ ആശാൻ, സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ സിദ്ധ റിട്ട.അസിസ്റ്റന്റ് ഡയറക്ടർ ഡോ.കെ.ഗോപകുമാർ എന്നിവരെ മുഖ്യമന്ത്രി ചടങ്ങിൽ ആദരിച്ചു. സിദ്ധൗഷധമായ വിവിധതരം മുറിവെണ്ണകളെക്കുറിച്ചും 108 വർമ്മമുറകളെക്കുറിച്ചും പ്രതിപാദിക്കുന്ന 'സിദ്ധവർമ്മസാരം' എന്ന പുസ്തകത്തിന്റെ പ്രകാശനവും സി.സി.ഐ.എം എക്സിക്യൂട്ടീവ് മെമ്പർ ഡോ. വി.ബി.വിജയകുമാറിന് നൽകികൊണ്ട് മുഖ്യമന്ത്രി നിർവഹിച്ചു. കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായി.ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ ഡോ.അനിത ജേക്കബ്ബ്, സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ എക്സിക്യൂട്ടീവ് മെമ്പർ ഡോ.വി.ബി.വിജയകുമാർ, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽമാരായ ഡോ.കെ. ജഗന്നാഥൻ, ഡോ.പി.ഹരിഹരൻ, സ്വാഗതസംഘം സെക്രട്ടറി ഡോ. എ. അൻസാരി., സിദ്ധ മെഡിക്കൽ അസോസിയേഷൻ പ്രസിഡന്റ് ഡോ.അഭിൽ മോഹൻ, സെക്രട്ടറി ഡോ.നിധിൻ.ഇ.നായർ എന്നിവർ പ്രസംഗിച്ചു.




*സിദ്ധ പ്രതിനിധി സമ്മേളനം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

## പാഥേയം : 'മെട്രോമാൻ' എപ്പിസോഡ് കണ്ടത് ലക്ഷങ്ങൾ

**തിരുവനന്തപുരം:** മെട്രോമാൻ ഇ ശ്രീധരനെ കുറിച്ചുള്ള പാഥേയം എപ്പിസോഡ് ഫേസ് ബുക്ക് വഴി കണ്ടത് ലക്ഷങ്ങൾ. നാലു ലക്ഷത്തിലധികം പേരാണ് ജൂൺ 16ന് പോസ്റ്റുചെയ്ത ഈ പ്രോഗ്രാം കണ്ടത്. ഇന്നലെ ഉത്ഘാടനം ചെയ്യപ്പെട്ട കൊച്ചി മെട്രോയുടെ മുഖ്യശില്പിയായ ഇ. ശ്രീധരനെക്കുറിച്ചുള്ള പാഥേയം പ്രോഗ്രാം അദ്ദേഹത്തിന്റെ കർമ്മനിപുണതയുടെ നേർസാക്ഷ്യമായി. കഴിഞ്ഞ ആഴ്ചകളിൽ പ്രക്ഷേപണം ചെയ്ത പ്രവാചകൻ മുഹമ്മദ് നബിയെ കുറിച്ചുള്ള പാഥേയം പ്രോഗ്രാം കണ്ടത് പത്തു ലക്ഷം പേരാണ്.

### 'പാഥേയം' യു.കെ.യിലും

പാഥേയം ഇനി മുതൽ ഇന്ത്യക്ക് പുറത്ത് യു.കെ. യിലെ പ്രേക്ഷകർക്കും ലഭ്യമാകും.മാഗ വിഷൻ ടെലിവിഷൻ ചാനൽ മുഖേന ബ്രിട്ടനിലുള്ളവർക്കും പാഥേയം പ്രോഗ്രാം കാണാവുന്നതാണ്. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 7.45 നും വൈകുന്നേരം 6.45 നുമാണ് (ജി.എം.റ്റി) പാഥേയം പ്രക്ഷേപണം.




## നവതി പൂർത്തീകരണം: സുവനീർ പ്രവർത്തനങ്ങൾ ആരംഭിച്ചു

**ഹെൽത്ത്കെയർ സോൺ:** നവപൂജിതം നവതി പൂർത്തീകരണ സുവനീർ പ്രവർത്തനങ്ങൾക്ക് തുടക്കമായി. പരസ്യശേഖരണത്തിനുള്ള താരിഫ് വിതരണം ഏരിയ/റീജിയണൽ ഓഫീസുകൾ വഴി ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ 29 ഏരിയ ഓഫീസുകൾ വഴിയും കേരളത്തിനു പുറത്ത് കന്യാകുമാരി, മൈസൂർ, ബാംഗളൂർ, ഗോവ, കോയമ്പത്തൂർ, ചെന്നൈ, മധുരൈ, കൊടൈക്കനാൽ, മുംബൈ, അഹമ്മദാബാദ്, ബറോഡ, ഹൈദരാബാദ്, ഒറീസ, രാജസ്ഥാൻ, ന്യൂഡെൽഹി, ഗുവാഹത്തി, കോർബ, മംഗലാപുരം റീജിയണൽ ഓഫീസുകൾ മുഖേനയുമാണ് താരിഫ് വിതരണം ആരംഭിച്ചിരിക്കുന്നത്. യു എ ഇ, ഖത്തർ, ശ്രീലങ്ക, ബഹറിൻ, ഒമാൻ, കുവൈറ്റ്, യുകെ തുടങ്ങി വിദേശത്തും സുവനീർ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സന്ന്യാസിമാരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ജൂൺ 16 ന് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിൽ യോഗം ചേർന്ന് സുവനീർ പ്രവർത്തനങ്ങൾ വിലയിരുത്തി. ജനനി ദിവ്യജ്ഞാനതപസ്വിനി, സ്വാമി വത്സലൻജ്ഞാനതപസ്വി, എഡിറ്റർ റ്റി. ശശിമോഹൻ, സ്റ്റാഫംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

ഗുരുചരണം ശരണം
**മോഹനം ഒപ്റ്റിക്കൽസ്**
കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

ഗുരുവാരെന്നും ശിഷ്യനാരെന്നും പ്രജയാരെന്നും ഭരണകർത്താവാരെന്നും വേർതിരിച്ചറിയുന്ന കർമയോഗമുണ്ട്. ആ കർമയോഗത്തിൽ നിന്നുകൊണ്ട് സമഷ്ടിയെ കണ്ടില്ലെങ്കിൽ പാശ്ചാത്യന്റെ സമഷ്ടി പോലെ കീഴ്ഴിഞ്ഞ് വീണ്, വികൃതിയുടെ കോലംതുള്ളലിൽ അത് ജനത്തെയും അവനെത്തന്നെയും നശിപ്പിക്കുന്ന പാതയിലേക്കു പോകും. ഇന്ന് അവരതിലെത്തി നിൽക്കുകയാണ്. അതു കണ്ട് നമ്മളും അങ്ങോട്ടു ചാടുന്നു. നായ്ക്കാഷ്ടം പട്ടിൽ പൊതിഞ്ഞു വച്ചിട്ട് 'അമൃതകുംഭം' എന്ന് എഴുതിവെക്കുന്നതു പോലെയാണ് ഇന്ന് നമ്മൾ. നമ്മുടെ ഉള്ളിലിരിക്കുന്നത് വികൃതിയുടെ വിളയാട്ടവും വികൃതന്റെ കോലംതുള്ളലുമാണ്. എന്നാൽ നമ്മുടെയുള്ളിൽ രത്നക്കട്ടിയും അതിന്റെ ഉള്ളിൽ അമൃതകുംഭവുമാണ് ഉള്ളതെന്ന് കണ്ടാൽ അതിലാരും നായ്ക്കാഷ്ടം കൊണ്ടിടുകയില്ല. പക്ഷെ നമ്മുടെയുള്ളിൽ പട്ടിൽ പൊതിഞ്ഞ നായ്ക്കാഷ്ടത്തിനു പകരം ആ രത്നക്കട്ടിയും അമൃതകുംഭവും തന്നെയുണ്ടായിരിക്കണം.

ഇതിന് നിങ്ങൾ ശീലിച്ചെടുക്കുന്നതാണ് കർമം. ആ കർമമനുഷ്ഠിച്ച ജീവിതം കൊണ്ട് ധന്യമായിരിക്കുന്ന ഒരു ധന്യന്റെ പിന്നാലെ പോകുന്നതും സമഷ്ടിവാദം ദൃഢീകരിച്ച് ആ വികൃതം തുള്ളിയവന്റെ പിന്നാലെ പോകുന്നതും തമ്മിലുള്ള അന്തരം കണ്ടോ! ആ വികൃതസ്വഭാവത്തിൽ വളർന്ന ഒരു ശരീരത്തിനോ കർമത്തിനോ ഇവിടെ യാതൊന്നും നേടാൻ കഴിയില്ല. യാതൊന്നും കണ്ടെത്താനും കഴിയില്ല. കണ്ടെത്തിയതിനെ നശിപ്പിച്ച് വികൃതിയുടെ പരമ്പരയാക്കി മാറ്റി നാശത്തെ വിതച്ചും കൊണ്ടേ ഇവർ ഇവിടെ നിന്നും പോകൂ. ഇതിനെ കാണാനുള്ള മാതാവും അത് കണ്ട് ഒതുക്കി പ്രവർത്തിക്കാനുള്ള പിതാവുമാണ് ഇവിടെ ആവശ്യം. ഇതിന് നിങ്ങൾ ഓരോരുത്തരും ഒരു പുതിയ ജീവിതം തുടങ്ങാൻ തയ്യാറാകണം. ആ ജീവിതപ്പാതയിൽ നന്മ മാത്രം ഉൾക്കൊണ്ട് ചീത്തയെ നിഷ്കാസനം ചെയ്ത്, ആ സ്ഥാനത്തേയ്ക്ക് വീണ്ടും കുതിച്ചു കയറുന്ന സൃഷ്ടിപരമായ ജീവിതത്തെ ദാനം ചെയ്തു കൊണ്ടുപോകുന്ന കർമയോഗിയാണ് ഇവിടെ ആവശ്യം. ഇതിനെ നിങ്ങൾ വിലയും നിലയും കൊടുത്ത്, നിങ്ങളുടെ കർമത്തിൽ പുഷ്ടി വരുത്തി, യോഗ്യത നേടി, എള്ളിൽ എണ്ണ കലർന്നതുപോലെ 'സമഷ്ടി'യാക്കി വച്ചിട്ടല്ലാതെ മാറരുത്. അങ്ങനെയുള്ള ഒരു ജീവിതത്തിനു വേണം നിങ്ങൾ തുടക്കം കുറിക്കാൻ. ആ ജീവിതത്തിന്റെ ആദിമൂല്യമായിരിക്കുന്നതും അവസാനമൂല്യമായിരിക്കുന്നതും ജീവിതത്തിൽ പകർത്തി ഒതുക്കി, ഓരോ എള്ളിലും നിറഞ്ഞിരിക്കുന്ന എണ്ണപോലെ അത് സ്വഭാവശുദ്ധിയിൽ കലർത്തി ഭാഗ്യത്തിലെത്തിച്ചുനിർത്തുന്ന ജീവിതം കൊണ്ടല്ലാതെ നിങ്ങൾക്കിതു നേടാൻ കഴിയില്ല. അതിനുവേണ്ടിയുള്ളതാവണം നിങ്ങളുടെ കർമം.

ഇത് മനസ്സിലാക്കി ജീവിതത്തെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ധർമം പൂർത്തിയാക്കി കർമനിവൃത്തി വരുത്തി നാശത്തിന്റെ ഉന്മൂലനാശം വരുത്താൻ നമുക്ക് കഴിയണം. അതിന് ദൈവം നമുക്ക് ബുദ്ധിയും അനുയോജ്യമായ പ്രകൃതിയും തന്നിട്ടുണ്ട്. എല്ലാ ആരോഗ്യസ്ഥിതിയിലുമുള്ള കർമമാർഗങ്ങളും നമുക്ക് തന്നിട്ടുണ്ട്. വസ്ത്രവും ആഹാരവുമില്ലാതെ, അവ എങ്ങനെ ഉപയോഗിക്കണമെന്നറിയാതെ ഇരുന്ന കാലം മാറി; ഇന്ന് ആഹാരവും വസ്ത്രവും എങ്ങനെ പരിഷ്കരിച്ച് ഉപയോഗിക്കണമെന്നും നാം ജീവിതം എങ്ങനെ നയിക്കണമെന്നും മനസ്സിലാക്കിത്തന്നിട്ട് നമ്മുടെ ബുദ്ധി ആത്മചിന്തയിലേക്കു തിരിച്ചുവിട്ട് ജീവന്റെ മുക്തിക്ക് അവകാശപ്പെടുത്തി നിറുത്തുന്ന പാതയിലേക്കാണ് ദൈവം നമ്മെ നയിക്കുന്നത്. അപ്പോൾ അതിന് ശിക്ഷയും രക്ഷയും ഒരു പോലെ ഒരു തലത്തിൽനിന്നും വരും. അതിനെ നായാട്ടായിട്ട് കണക്കാക്കിയാൽ കാര്യം നടക്കുകയില്ല. ആ ശിക്ഷ ഏറ്റുകൊണ്ട് മറ്റൊരു അമൃതസഫലമായ കർമത്തെ ഞാനുൾക്കൊള്ളുകയാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഒരു കർമിക്കും ഇവിടെ നേടിയെടുക്കാൻ കഴിയില്ല. ഇത് നിങ്ങൾ മനസ്സിലാക്കാതെ 'ഞാൻ ഈ കർമം കൊണ്ട് എല്ലാം പൂർത്തിയാക്കിക്കളയുമെന്ന്' പറയുന്നതിൽ ഒരർത്ഥവുമില്ല.

## വചനദീപ്തി

**"ജീവിതം ഒരു തുടിപ്പാണ്. അതിനു ഭാവിയെ വെല്ലാൻ കഴിയും. അതിന്റെ നിർമലത കൊണ്ട് ഭൂതകാലത്തെ ശുദ്ധി ചെയ്തെടുക്കാനും കഴിയും- വിട്ടുവീഴ്ചയില്ലാത്ത സത്യാത്മകത കൊണ്ട് എല്ലാ മാലിന്യങ്ങളെയും കഴുകിക്കളയാനുള്ള ഉറപ്പ് മനസിനുണ്ടാകണമെന്നു മാത്രം."**

**നടരാജഗുരു**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജൂൺ 18 മുതൽ 24 വരെ*

| | |
|---|---|
| ഞായർ | – ആനന്ദപുരം |
| തിങ്കൾ | – ജനസേവികപുരം |
| ചൊവ്വ | – രത്നഗിരി |
| ബുധൻ | – സ്നേഹപുരം |
| വ്യാഴം | – കാഞ്ഞാംപാറ |
| വെള്ളി | – പോത്തൻകോട് |
| ശനി | – പാലോട്ടുകോണം |

## യാമപ്രാർത്ഥന

*2017 ജൂൺ 22 വ്യാഴം*

**ജോയാതിപുരം, കാഞ്ഞാംപാറ, സ്നേഹപുരം**

പ്രകാശപഥം

# സ്നേഹം കൊണ്ട് നമ്മൾ പെരുമാറി എടുക്കുന്ന കാര്യം

ഒരാശയത്തിന്റെ മുമ്പിൽ നമ്മൾ കുട്ടികളെ വളർത്താനായിട്ടു വരുമ്പോൾ, ഈ കുട്ടിക്ക് തന്റെ പൂർവ്വജന്മവാസനാവൃതമായിരിക്കുന്ന എല്ലാ ഗുണങ്ങളും കാണും. എന്നാൽ തന്റെ വീട്ടിൽ ഒരു പിതൃ നല്ലതാണെങ്കിൽ അവന്റെ ചെയ്തികളും മാറ്റമായിരിക്കും, സത്സ്വഭാവിയായിരിക്കും. ചിലപ്പോൾ അച്ഛൻ ക്രൂരനും നിന്ദ്യനും ദുർനടപടിക്കാരനും ആയിരിക്കും. മകൻ നല്ലതുമായിരിക്കും. ഇതൊക്കെ ഉല്പത്തി കർമ്മഗതി പോലെ വരും ജഗത്തിൽ എന്നു പറയുന്ന ഭാഗത്ത് നമ്മൾ നല്ലതുപോലെ മനസിലാക്കി സൂക്ഷിക്കണം. ഇവിടെ താമസിക്കുന്ന ഗൃഹസ്ഥരായാലും കുട്ടികളായാലും ബ്രഹ്മചാരികളെന്നു പറയുന്നവരായാലും ചെറുപ്പക്കാരായാലും സ്ത്രീകളായാലും ആരുതന്നെയായാലും ഇത്തരം കാര്യങ്ങൾ മനസിലാക്കിയിട്ട് ഞങ്ങളുടെ ജീവിതത്തിലെ ഈ കർമഗതി അഴിയാൻ എങ്ങനെ സാധിക്കും, ഞങ്ങളെ എങ്ങനെ അതിനായിട്ട് മാറ്റിയെടുക്കും എന്നത് ഒരു ഗുരുശിഷ്യബന്ധത്തിൽക്കൂടി മാറ്റിക്കൊള്ളണം. കാരണം നമ്മുടെ പാരമ്പര്യം അനവധി കൊച്ചുകൊച്ചു ദൈവങ്ങളെ വച്ചു പൂജിച്ചതിന്റെയും ജാതിയുടെ സ്വഭാവങ്ങളൊക്കെ കൊണ്ട് വന്ന വൃത്തികേടുകളുടെയും ബാക്കിയാണ്.

ഗുരു, അഴുക്ക് എന്നു ധരിക്കുന്ന ഏറ്റവും വൃത്തിഹീനമായ കാര്യങ്ങൾ മനസിലേക്കു കടത്തിയിട്ടു കൈകാര്യം ചെയ്യുന്ന വശങ്ങളുണ്ട്. എല്ലാം നമ്മൾ ഒന്ന് ഒഴിച്ചുവയ്ക്കണം. എന്നിട്ട് എനിക്ക് എങ്ങനെ നന്നാവാം, എന്റെ ഈ ശരീരവും മനസും ഇതിന്റെയൊക്കെ ബാക്കിയാണല്ലോ, ഞാൻ എത്രയോ കാലം ചീത്തയായിട്ടു നടന്നിരുന്നു, എത്രയോ കാലം നല്ലതായിട്ടു ജീവിച്ചിരുന്നു എന്ന് തന്റെ പൂർവജന്മത്തിലുള്ള പുണ്യപാപങ്ങളെപ്പറ്റി അല്ലെങ്കിൽ ആ സുകൃതവും അകൃതവുമായിരിക്കുന്ന കാര്യങ്ങളെ, സത്യവും അസത്യവുമായിരിക്കുന്ന കർമ്മത്തിന്റെ കാര്യങ്ങളെപ്പറ്റിയൊക്കെ നമ്മൾ വിലയിരുത്തണം.

ഒരു മഹാത്മാവിന്റെ കൂടെ ഞാൻ എങ്ങനെ ജീവിക്കും? അതാണ് യേശു പറയുന്നത്: നിങ്ങൾ സൂക്ഷിച്ചുകൊള്ളണം, മഹാന്മാർക്ക് ജനിച്ച നാടില്ലെന്ന്. പക്ഷെ ഗുരുവിന് ജനിച്ച നാടും ഉതകുമെന്ന ഒരു വാക്കു കിട്ടിയിട്ടുണ്ട്. അത് ബ്രഹ്മത്തിൽ നിന്നും– ആ പ്രകാശധാരയിൽ നിന്നും– കിട്ടിയകാര്യം. ഇതൊക്കെ സൂക്ഷിച്ചിട്ട് എനിക്കെങ്ങനെ ഗുരുവിന്റെ ആശയം എന്റെ ജീവിതത്തിലേക്ക്, ത്യാഗത്തിൽ കൂടി അല്ലെങ്കിൽ അഹന്തയില്ലാതെ വിനയവും സ്നേഹവും ലഘുത്വവുമായ കാര്യത്തിൽ കൂടി, സഹിക്കാൻ കഴിയണം എന്ന് ചിന്തിക്കണം. സ്നേഹം കൊണ്ട് നമ്മൾ പെരുമാറി എടുക്കുന്ന കാര്യം ഒരിക്കലും നശിക്കില്ല. അതല്ല, നമ്മൾ ഇതുപോലെ തന്നെ കുറെ നാളൊക്കെ എല്ലാം പ്രവർത്തിച്ച്, ആത്മാർത്ഥമായി ചെയ്തിട്ട്, അവസാനം ഒരു കർമ്മം കൊണ്ട് നമ്മളുടെ എല്ലാ പുണ്യങ്ങളും നഷ്ടപ്പെടുന്ന രീതിയിലുള്ള പെരുമാറ്റം വന്നാൽ നാമെങ്ങനെ ആ പുണ്യം സമ്പാദിക്കുന്ന വഴിയിലേക്കു പോകും?

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# കലിയുഗത്തിന്റെ മുക്തിപ്രദായകമായ അവസ്ഥ പ്രയോജനപ്പെടുത്താൻ

ദേവീദേവസമ്പ്രദായത്തിലുള്ള ആരാധനാസങ്കല്പം നിലനിർത്തിപ്പോരുന്ന വിശ്വാസപ്രമാണങ്ങൾ, കാലാനുസൃതമല്ലാത്ത ധർമ്മരീതികളാൽ യുഗധർമ്മം പുലർത്താതെ വന്നപ്പോൾ പ്രകൃതിപോലും സമൂഹത്തിനു സഹായകമല്ലാതെ വന്നു. നാമിപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ജീവിതാനുഭവതലങ്ങൾ പരിശോധിച്ചാൽ സത്യദർശനത്തിൽ നിന്നും വിദൂരമായി സഞ്ചരിക്കുന്നുവെന്ന് മനസിലാകും. ത്രേതാ ദ്വാപരയുഗങ്ങൾ ദേവസമ്പ്രദായത്തിനു പ്രാമാണ്യമുള്ള കാലങ്ങളാണ്. എന്നാൽ കലിയുഗം മനുഷ്യന് ഭക്തൻ, ദേവൻ, ഋഷി, സന്ന്യാസി, ജ്ഞാനി എന്നീ അവസ്ഥകൾ നേടി മുക്തിപദം പ്രാപിക്കാനാവുന്ന സങ്കരകാലമാണ്. ഇതു വേദോക്തമാണെങ്കിൽ കൂടി സമൂഹത്തിനു മനസിലായിട്ടില്ല. ഗുരുമാർഗത്തിൽക്കൂടെയുള്ള ധർമ്മകർമപഥങ്ങളിലൂടെ, നിർണയിക്കപ്പെട്ടനാമജപകീർത്തനാദികളിലൂടെ, ഏകദൈവവിശ്വാസം ആദരിച്ചെടുത്താൽ ബ്രഹ്മനിശ്ചയപ്രകാരം മനുഷ്യരാശിക്കു ലഭിക്കേണ്ടതെന്തോ അതു ലഭിച്ചുകൊള്ളും.

ജ്ഞാനാഖണ്ഡതകളുടെ പരമോന്നതമായ അവസ്ഥയിലെത്താൻ അതു തുടങ്ങുന്ന ഏഴാമത്തെ അവസ്ഥയും കടന്ന് ക്രമാനുഗതമായ ദൈവസന്നിധാനം, പരബ്രഹ്മ സന്നിധാനം എന്നീ അവസ്ഥകളെ പ്രാപിക്കേണ്ടതുണ്ട്. ജന്മാന്തര പുണ്യഭാഗ്യങ്ങളാൽ അനുഭവിക്കുന്ന സഫലമായ ഗുരുലാഭത്തിലൂടെ മാത്രമാണിത് സാധ്യമാകുക. അപ്രകാരം ജ്ഞാനാഖണ്ഡതകൾ പൂർത്തീകരിച്ച ത്രികാലജ്ഞനായ ഒരു ജ്ഞാനി ഗുരുവായി വരുമ്പോൾ, ധർമ്മസംസ്ഥാപനവും കർമകാണ്ഡസംവിധാനവും അങ്ങനെയുള്ള ഗുരുവിന്റെ നിയന്ത്രണത്തിലാകുമ്പോൾ, ജന്മാന്തരങ്ങളിൽ വന്നുപോയിട്ടുള്ള സുകൃത ദുഷ്കൃതങ്ങൾ വിലയിരുത്തി തിരുത്തു നല്കുന്ന ആ ഗുരുവിങ്കൽ പിതൃശുദ്ധികർമ്മം ബ്രഹ്മനിശ്ചപ്രയകാരം നിക്ഷിപ്തമാകുമ്പോൾ, സാഫല്യത്തിന്റെ മാർഗം തെളിഞ്ഞു വരും. ഇക്കാര്യം വൈവസ്വത മനുവിന്റേതായ ഈ മന്വന്തരത്തിലെ ഇരുപത്തിയെട്ടാമത് ചതുർയുഗത്തിലെ ഈ കലിയുഗത്തിൽ നടന്നപ്പിൽ വന്നിരിക്കുന്നു. ബ്രഹ്മനിശ്ചയപ്രകാരം ഈ മഹാനിയോഗം നവജ്യോതിശ്രീ കരുണാകരഗുരുവിൽ നിക്ഷിപ്തമായിരിക്കുന്നു. ഇത് ഈ പരമ്പരയ്ക്കു പൂർണ്ണബോധ്യം വന്നിട്ടുള്ള സത്യം.

എന്നാൽ ബഹുഭൂരിപക്ഷം ജനങ്ങളും ഇപ്പോഴും ജ്ഞാനാഖണ്ഡതകൾക്ക് വളരെ താഴെയുള്ള അവസ്ഥകളിൽ നില്ക്കുന്ന ദേവീദേവന്മാരെയും ത്രിമൂർത്തികളെയും ദൈവമെന്ന് സങ്കല്പിച്ച് ആരാധന നടത്തുന്നു. ത്രിമൂർത്തികളുടേതായ സർവ്വ ആത്മപ്രാഭവവും ബ്രഹ്മനിശ്ചയപ്രകാരം ഗുരുവിങ്കൽ അടങ്ങിക്കഴിഞ്ഞിരിക്കുന്നതിനാൽ ആരാധനാസങ്കല്പങ്ങളാൽ ത്രിമൂർത്തിയെ ആരാധിച്ചു പോന്നവർ മരണാനന്തരം അന്തര്യാമികളായി ത്രിമൂർത്തികളുടെ ആത്മീയാവസ്ഥയ്ക്കു കീഴിൽ ഗതിമുട്ടി നില്ക്കുകയാണ്. ഇപ്പോൾ ത്രിമൂർത്തികളെ ആരാധിക്കുന്നവർ ഫലത്തിൽ ആരാധിക്കുന്നത് പൈശാചികഭാവം മുന്തിനില്ക്കുന്ന ഈ അന്തര്യാമികളെയാണെന്ന കാര്യം അവർ അറിയുന്നുമില്ല. ത്രിമൂർത്തികൾ പ്രാബല്യത്തിൽ ഇരുന്ന കാലത്ത് അവർക്കുപോലും നല്കാനാവാത്ത മുക്തിയും മോചനവും ഈ അന്തര്യാമികളിൽ നിന്നും ലഭിക്കുകയില്ലെന്നു പ്രത്യേകം പറയേണ്ടതില്ല. മാത്രമല്ല ആരാധിക്കുന്നവരുടെ ആത്മപുണ്യം ഈ അന്തര്യാമികൾ പിടിച്ചുപറ്റുകയും ചെയ്യുന്നു.

ഏതൊന്നിനെ ആരാധിച്ചു പോകുന്നുവോ, ജീവൻ മരണാനന്തരം അതിനു താഴെ എത്തി നിന്നു പോകുന്നുവെന്ന് ആധികാരികമായി പറയപ്പെട്ടിരിക്കുന്നു. അതിനാൽ കലിയുഗത്തിന്റെ മുക്തിപ്രദായകമായ അവസ്ഥ പൂർണമായി പ്രയോജനപ്പെടുത്താൻ, തെറ്റും ശരിയും തിരിച്ചറിഞ്ഞ് സത്യത്തിന്റെ നിർദിഷ്ടമാർഗത്തിലൂടെ പോവുകയാണ് വേണ്ടത്. അതിനായി നിയോഗം ലഭിച്ച ഗുരുവിനെ പൂർണ മനസോടെ അനുസരിക്കുകയും ഗുരുനിർദ്ദേശങ്ങൾ തെളിഞ്ഞ ബുദ്ധിയോടെ പാലിച്ചു ജീവിക്കുകയും വേണം.



*കുങ്ഫു ബ്ലാക് ബെൽറ്റ് ജയചന്ദ്രൻ എൻ.പി.ക്ക് റിട്ട. ഡിഐജി പി.ജി.ജി. നായർ സമ്മാനിക്കുന്നു*

# കുങ്ഫു ബ്ലാക് ബെൽറ്റ് സമ്മാനിച്ചു

**ഹെൽത്ത് കെയർ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാർഷൽ ആർട്സിനു കീഴിൽ പ്രവർത്തിക്കുന്ന ഡോ. വീരഭദ്രൻ ഷാവോലിൻ കുങ്ഫു ഫിസിക്കൽ മെഡിസിൻ & മാർഷൽ ആർട്സിൽ നാലര വർഷത്തെ പരിശീലനം നേടിയ ജയചന്ദ്രൻ എൻ. പി. ക്ക് ബ്ലാക്ക് ബെൽറ്റും സർട്ടിഫിക്കറ്റും സമ്മാനിച്ചു. ജൂൺ 11 ഞായറാഴ്ച നടന്ന ചടങ്ങിൽ പള്ളിപ്പുറം സിആർപിഎഫ് ക്യാമ്പിലെ റിട്ട ഡിഐജി പി.ജി.ജി. നായർ ആണ് പുരസ്കാരം സമ്മാനിച്ചത്. സൂപ്പർ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണവും നടന്നു. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി എന്നിവരും പങ്കെടുത്തു. ഡോ. കെ. ആർ. എസ്. നായർ, പ്രമോദ് എം. പി. എന്നിവരെ യോഗത്തിൽ ആദരിച്ചു. പള്ളിപ്പുറം സിആർപിഎഫ് അസിസ്റ്റന്റ് കമാന്റന്റ് മജീന്ദ്രൻ, പോത്തൻകോട് സബ് ഇൻസ്പെക്ടർ അശ്വിനി ജെ. എസ്., അഡ്വ. ദേവദത്തൻ വി. എന്നിവർ ആശംസകളർപ്പിച്ചു. ഗ്രേറ്റ് ഗ്രാന്റ് മാസ്റ്റർ ദിലീപ് ജി. സ്വാഗതവും സജീവൻ എടക്കാടൻ കൃതജ്ഞതയും രേഖപ്പെടുത്തി.

# 'ടേക് എ ബ്രേക്' വഴിയോര വിശ്രമകേന്ദ്രം പ്രവർത്തനസമയം വർദ്ധിപ്പിക്കുന്നു

**ശാന്തിഗിരി ജംഗ്ഷൻ:** ശാന്തിഗിരി ടേക് എ ബ്രേക് വഴിയോര വിശ്രമകേന്ദ്രം പ്രവർത്തന സമയം വർദ്ധിപ്പിക്കുന്നു. ഇനി മുതൽ രാവിലെ 7 മണി മുതൽ രാത്രി 11 മണി വരെ ടേക് എ ബ്രേക് സേവനം ലഭ്യമായിരിക്കും. രുചികരവും വൈവിധ്യമാർന്നതുമായ നൂറ് ശതമാനം വെജിറ്റേറിയൻ ഭക്ഷണം ടേക് എ ബ്രേക്കിൽ ലഭ്യമാണ്. കേരള വിഭവങ്ങൾക്കു പുറമെ നോർത്ത് ഇന്ത്യൻ, ചൈനീസ് വിഭവങ്ങളും ഇവിടെ ഉണ്ട്. ഓർഡർ അനുസരിച്ച് ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള കാറ്ററിംഗ് സർവീസും ലഭ്യമാണ്. യാത്രക്കാരായ സന്ദർശകർക്ക് കുളിക്കുന്നതിനും മറ്റ് പ്രാഥമികാവശ്യങ്ങൾക്കുമുള്ള സൗകര്യവും ടേക് എ ബ്രേക്കിൽ ഉണ്ടായിരിക്കും. ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ: 8156857007, 8111882184.




## എച്ച്.ആർ. വാർത്തകൾ

**സ്പിരിചൽ സോൺ:** ആശ്രമം എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇൻ ചാർജ് ആയി ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയെ നിയമിക്കാൻ ജൂൺ 12 ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചു. ആശ്രമം പ്രസിഡന്റ് സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി തുടങ്ങിയവർ സംബന്ധിച്ചു.ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയായിരുന്നു നിലവിൽ ചുമതല വഹിച്ചിരുന്നത്.

# റേഷൻ കാർഡ് വിതരണം

**ശാന്തിഗിരി ജംഗ്ഷൻ:** പൂലന്തറ 206 –ാം നമ്പർ റേഷൻ കടയുടെ പരിധിയിലുള്ള പുതിയ റേഷൻ കാർഡിന്റെ വിതരണം ജൂൺ 23 ന് രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ പൂലന്തറ ശ്രീധർമ്മശാസ്താ ക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് വിതരണം ചെയ്യുന്നതാണ്. പഴയ കാർഡ്, വാങ്ങുന്നയാളിന്റെ ഐഡന്റിറ്റി കാർഡിന്റെ കോപ്പി എന്നിവ സഹിതം എത്തിച്ചേരണം. പൊതു വിഭാഗത്തിന് 100 രൂപയും മുൻഗണനാ വിഭാഗത്തിന് 50 രൂപയുമാണ് ഫീസ്. കാർഡിൽ ഉൾപ്പെട്ടയാൾ തന്നെ കാർഡ് വാങ്ങാൻ എത്തേണ്ടതാണ്.



*രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പിൽ നിന്ന്*

# രക്തഗ്രൂപ്പ് നിർണയ ക്യാമ്പ് നടത്തി

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ എൻ എസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 14 ന് ലോക രക്തദാന ദിനത്തോടനുബന്ധിച്ച് രക്തഗ്രൂപ്പ് നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സർവാദരണീയ സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പൽ ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനി അദ്ധ്യക്ഷത വഹിച്ചു. ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോക്ടർമാരും നഴ്സുമാരും നേതൃത്വം നല്കിയ ക്യാമ്പിൽ 50 എൻ എസ്എസ് വോളണ്ടിയേഴ്സ് ഉൾപ്പെടെ 125 പേർ ക്യാമ്പിൽ പങ്കെടുത്തു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ സജീവ് കൃതജ്ഞത രേഖപ്പെടുത്തി.

ഗുരുചരണം ശരണം

**വേർപാടിന്റെ 6–ാം വാർഷികം (21.6.2017)**



**കെ. സുഭാഷിണി**

**പ്രാർത്ഥനയോടെ**
**രാജൻ ബി.**
**എൽഐജി ക്വാർട്ടേഴ്സ്,**
**ആനന്ദപുരം**

## വ്യാഴം ഏറ്റവും പഴക്കമേറിയ ഗ്രഹം

**ലണ്ടൻ:** സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹമായ വ്യാഴം തന്നെയാണ് ഏറ്റവും പഴക്കമേറിയ ഗ്രഹമെന്ന് ശാസ്ത്രജ്ഞർ. സൂര്യനുണ്ടായി 4 ദശലക്ഷം വർഷങ്ങൾക്കുള്ളിൽ തന്നെയാണ് വ്യാഴം ഉണ്ടായതെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്.

പുതിയ കണ്ടെത്തൽ പ്രപഞ്ചോല്പത്തിയിലേക്കും വെളിച്ചം വീശുമെന്ന് കരുതുന്നു.

സൂര്യനിൽ നിന്ന് അഞ്ചാമതായി സ്ഥിതി ചെയ്യുന്ന സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹമായ വ്യാഴം ഗുരുഭാവം വഹിക്കുന്ന ഗ്രഹമാണ്.

# കർക്കിടക വിശേഷ ചികിത്സയ്ക്കൊരുങ്ങി ശാന്തിഗിരി ഹോസ്പിറ്റലുകൾ

**തിരുവനന്തപുരം:** ആയുർവേദ വിധിപ്രകാരം മനസ്സിനേയും ശരീരത്തേയും ഒരുപോലെ പരിപാലിക്കേണ്ട സമയമാണ് കർക്കടക മാസം. കടുത്ത വേനൽചൂടിന് ശേഷം എത്തുന്ന കർക്കടകം സുഖ ചികിത്സയ്ക്കും ആരോഗ്യ പരിപാലനത്തിനും ഏറെ അനുയോജ്യമായ കാലമാണ്. കർക്കടകത്തിൽ ഔഷധം സേവിച്ചാൽ 'കല്പാന്തം സസുഖം' എന്നാണ് ചൊല്ല്. ആരോഗ്യകാര്യത്തിലും ആത്മീയകാര്യത്തിലും ഒരുപോലെ പ്രാധാന്യമുള്ള കർക്കടകം ശരീരത്തിന്റെ അറ്റകുറ്റപണികൾ തീർത്ത് അതിനെ പുനരുജ്ജീവിപ്പിക്കാൻ ഏറ്റവും വിശേഷമത്രേ.

ശാന്തിഗിരിയുടെ കേരളത്തിലെ പ്രമുഖ ഹോസ്പിറ്റലുകളിൽ വിശേഷാൽ കർക്കടക ചികിത്സയ്ക്ക് ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രായമായവർക്കും കുട്ടികൾക്കുമുള്ള പ്രത്യേകം ചികിത്സകളാണ് ശാന്തിഗിരിയുടെ പ്രത്യേകത. നാഡീഞരമ്പുകളെ ഉണർത്തി ഊർജ്ജസ്വലതനേടാനും മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും നല്ല ഉറക്കം ലഭിക്കുന്നതിനും ചികിത്സകൾ പുരുഷന്മാർക്കുള്ള വിഭാഗത്തിലും ശരീരപുഷ്ടി, ചർമ്മ കാന്തി, ആർത്തവ സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള ചികിത്സകൾ സ്ത്രീ വിഭാഗത്തിലും ക്രമീകരിച്ചിരിക്കുന്നു. ഓർമ്മശക്തി, ബുദ്ധിശക്തി, വിശപ്പ് എന്നിവ വർദ്ധിപ്പിക്കുന്നതിനും ശരീരപുഷ്ടിക്കുമുള്ള ചികിത്സകളാണ് കുട്ടികൾക്കു വേണ്ടിയുള്ളത്. പഴകിയ വാതരോഗചികിത്സ, ശരീരവേദന കുറയ്ക്കുന്നതിന്, നാഡീഞരമ്പ് സംബന്ധമായ അസുഖങ്ങൾ, അസ്ഥിക്ഷയം, മലബന്ധമുള്ളവർക്ക് മലശോധന കൃത്യമാക്കുവാൻ, മാനസികപിരിമുറുക്കത്തിനും ഓർമ്മക്കുറവിനും, ആസ്ത്മ, ശ്വാസതടസ്സം, ചുമ, കഫക്കെട്ട് എന്നിവയ്ക്കുള്ള ചികിത്സകൾ മുതിർന്ന പൗരന്മാർക്കും ലഭ്യമാണ്.

ഇതിനു പുറമെ പ്രായ ലിംഗ ഭേദമെന്യേ പക്ഷാഘാതം, പ്രമേഹം, അലർജി, ആസ്ത്മ, മൈഗ്രേൻ, സോറിയാസിസ്, എക്സിമ, പൈൽസ്, ഫിസ്റ്റുല, നേത്രരോഗങ്ങൾ, അകാലവാർദ്ധക്യം, അകാലനര, അമിത വണ്ണം, കൊളസ്ട്രോൾ എന്നിവ നിയന്ത്രണവിധേയമാക്കുവാൻ ആയുർവേദത്തിന്റെയും സിദ്ധ വൈദ്യത്തിന്റെയും മേന്മകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രത്യേക ചികിത്സകൾ എന്നിവയും ഉണ്ടായിരിക്കും.

വിദഗ്ദരായ ഡോക്ടർമാർ, പ്രത്യേകം പരിശീലനം നേടിയ തെറാപ്പിസ്റ്റുകൾ, ശാസ്ത്രീയമായി രൂപപ്പെടുത്തിയ വിവിധ പാക്കേജുകൾ എന്നിവ ശാന്തിഗിരിയുടെ കർക്കടക ചികിത്സയുടെ പ്രത്യേകതയാണ്.




ആധുനിക ജീവിതശൈലിയും കാലാവസ്ഥാവ്യതിയാനങ്ങളും മനുഷ്യശരീരത്തേയും മനസ്സിനേയും മലീമസമാക്കിക്കൊണ്ടിരിക്കുകയാണ്. തന്മൂലം നിരവധി അസുഖങ്ങൾ ശരീരത്തിനേയും മനസ്സിനേയും പിടികൂടുന്നു. ശരീരത്തിൽ വർദ്ധിച്ചിരിക്കുന്ന ദോഷങ്ങളെ ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ പുറത്തേയ്ക്ക് തള്ളി ആരോഗ്യം സംരക്ഷിക്കാൻ വേണ്ടിയുള്ളതാണ് കർക്കടക ചികിത്സ. രോഗചികിത്സയ്ക്ക് മാത്രമല്ല ശരീരത്തിലെ മാലിന്യങ്ങളെ അകറ്റി ശരീരത്തിനും മനസ്സിനും ഓജസ്സും തേജസ്സും ഉന്മേഷവും വർദ്ധിപ്പിക്കുന്നതിനും കർക്കടക ചികിത്സ വിശേഷമാണ്.

# 'കുഹാസ്' സ്കോളർഷിപ്പ് അഞ്ച് പേർക്ക്

**ഹെൽത്ത്കെയർ സോൺ:** കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ (കുഹാസ്) സ്റ്റ്യുഡെന്റ്സ് സപ്പോർട്ട് സ്കീം പ്രകാരം ഏർപ്പെടുത്തിയ സ്കോളർഷിപ്പിന് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ നിന്ന് അഞ്ച് വിദ്യാർത്ഥികൾ അർഹരായി.

അജീഷ് പി., ജുമാന എ.എസ്., രാഖി ആർ., റമീസ പർവീൺ, സിൽക്കിന തോപ്പിൽ എന്നീ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. എല്ലാവർഷവും 20,000 രൂപയുടെ പഠനോപകരണങ്ങൾ വാങ്ങുന്നതിനാണ് സ്കോളർഷിപ്പ് ലഭിക്കുക.



*അജീഷ് പി*



*ജുമാന എ.എസ്*



*രാഖി ആർ*



*റമീസ പർവീൺ*



*സിൽക്കിന തോപ്പിൽ*




*ന്യൂഡെൽഹിയിൽ നിന്നുള്ള സുലഭ് ഇന്റർനാഷണൽ പ്രതിനിധി സാനിറ്ററി നാപ്കിൻ നിർമാണ പരിശീലന ക്ലാസ് നയിക്കുന്നു*



*ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ നിന്ന് സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ എ പ്ലസ് നേടിയ വിദ്യാർത്ഥികൾ അദ്ധ്യാപകരോടൊപ്പം*




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala